II ഇ.ബി.XIV-കേരള നിയമസഭ/X-18

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 മാർച്ച് 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

55 (*511) ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, എ.പി.ജെ.അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടുംകൂടി നടത്തുന്നതിനായി ആക്റ്റിൽ ഭേദഗതി വരുത്തി ഓർഡിനൻസ് ഇറക്കിയിട്ടുണ്ടെന്നും ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവ പുന:സംഘടിപ്പിക്കാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2015-16 അദ്ധ്യയന വർഷം മുതലാണ് കോളേജുകളെ അഫിലിയേറ്റ് ചെയ്ത് തുടങ്ങിയത്. മറ്റ് സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്കും അഫിലിയേഷന്

അപേക്ഷിക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ സംബന്ധിച്ച് ഒരു എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും എ.ഐ.സി.ടി.ഇ.-യുടെ അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്കിലെ നിബന്ധനകൾക്ക് അനുസൃതമായുമാണ് ഓരോ വർഷവും അഫിലിയേഷൻ നൽകുന്നത്. 2017-18 അദ്ധ്യയന വർഷം 154 കോളേജുകൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ടെന്നും 2018-19 വർഷത്തേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇ-ഗവേർണൻസ് സംവിധാനം കാര്യക്ഷമമാക്കാൻ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. TEQIP (Technical Education Quality Improvement Programme) 1, 2 പ്രവർത്തനങ്ങളിലൂടെയും പരിഷ്കരിച്ച അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെയും ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സിൽ വനിത, എസ്.സി./എസ്.ടി. പ്രതിനിധിധ്യമടക്കം വിദ്യാർത്ഥികളുടെ എണ്ണം ആറും അദ്ധ്യാപകരുടെ എണ്ണം അഞ്ചും ആയി വർദ്ധിപ്പിക്കുകയും മാനേജർമാരുടെ പ്രാതിനിധ്യം കുറയ്ക്കുകയും

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എല്ലാ മേഖലയിലെ അംഗങ്ങൾക്കും പ്രാതിനിധ്യം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനായി ചെന്നൈ ഐ.ഐ.ടി.-യിലും മറ്റ് ഐ.ഐ.ടി.-കളിലും ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നതപഠനത്തിനും റഫറൻസിനും ഉതകുന്ന രീതിയിൽ കോളേജുകളിലെ ലൈബ്രറികളെയും ലബോറട്ടറികളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കാനുള്ള ശ്രമം നടത്തി വരികയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സ്ഥിരം വൈസ്ചാൻസിലറെ നിയമിക്കുന്നതിനായി സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണെന്നും വിദ്യാർത്ഥികളുടെ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണെന്നും അന്തർ സർവ്വകലാശാല/ദേശീയ തലങ്ങളിൽ സർവ്വകലാശാലയെ പ്രതിനിധീകരിച്ച് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും വിവിധ മത്സരങ്ങൾ നടത്തുന്നത് സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തി അടുത്ത അദ്ധ്യയന വർഷം മുതൽ അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

56 (*512) ലാൻഡ് ട്രിബ്യൂണലിലുള്ള കേസുകൾ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, കേരളത്തിൽ 17 ലാൻഡ് ട്രിബ്യൂണലുകളും 14 ദേവസ്വം ട്രിബ്യൂണലുകളുമാണുള്ളതെന്നും കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനകം 44417 കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 2005-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും 1986-ലെ വൃക്ഷ സംരക്ഷണ നിയമവും പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലും കാർഡമം ഹിൽ റിസർവ് പ്രദേശങ്ങളിലും ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുണ്ടെങ്കിലും ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിലൊഴികെ ഒരു മരവും മുറിക്കാൻ സാധിക്കാത്തതിനാൽ വിജ്ഞാപനത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. പട്ടയഭൂമിയിൽ കർഷകർ നട്ടുപിടിപ്പിച്ച ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1993-ലെ കേരള ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയിട്ടുള്ള പട്ടയ ഭൂമിയിൽ പിന്നീടുണ്ടാകുന്ന മരങ്ങൾ മുറിക്കുന്നത് പട്ടയ ഫോറത്തിലെ വ്യവസ്ഥമൂലം സാധിക്കാത്ത വിഷയം

സർക്കാരിന്റെ പരിഗണനയിലാണ്. ഇടുക്കി ജില്ലയിലെ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവും 01-08-1971-ന് ശേഷം സർക്കാർ പുറമ്പോക്കിൽ വീട് വച്ച് താമസിക്കുന്ന സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പട്ടയം നൽകുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. സർവ്വേ പൂർത്തിയാക്കിയ കേസ്സുകളിൽ പട്ടയം നൽകുന്ന നടപടി സ്വീകരിക്കേണ്ടതുണ്ട്. വയനാട് ജില്ലയിൽ 263.78 ഹെക്ടർ ഭൂമിക്ക് പട്ടയ വിതരണം നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകരിച്ച അപേക്ഷകളിൽ കൈവശ രേഖ, പട്ടയം എന്നിവ അനുവദിക്കുന്നതിന് വനം വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചുരുങ്ങിയത് 3 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ള ഉദ്യോഗസ്ഥരെ മാത്രമേ ട്രിബ്യൂണലുകളിൽ നിയമിക്കാൻ പാടുള്ളൂവെന്നും അവരെ 2 വർഷത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മലബാർ മേഖലയിലെ 6 ജില്ലകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് 29 സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടെന്നും സി.ആർ.ഇസഡ്.-ൽപ്പെടാത്ത തീരദേശഭൂമിക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും റീസർവ്വേയെത്തുടർന്നുണ്ടായ ഉടമസ്ഥാവകാശം തെളിയിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എൽ.ആർ.എം. സംവിധാനത്തിലൂടെ പരിഹരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി വ്യക്തമാക്കി.

57 (*513) <u>നഗരങ്ങളിൽ ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വാഹന സാന്ദ്രത അധികമായതിനാൽ നഗരങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാനായി വിവിധ നഗരങ്ങളിൽ ബൈപ്പാസ് റോഡുകൾ നിർമ്മിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണത്തിലെ അപാകതകൾ ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിലാണെങ്കിൽ ബന്ധപ്പെട്ട കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചു വരുന്നുണ്ട്. ഗതാഗതത്തിന് തടസ്സമാകുന്ന പാതയോരങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അപകടങ്ങളുടെ മുഖ്യ കാരണങ്ങൾ കണ്ടെത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ ദേശീയപാതകളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തി വരുന്നുണ്ട്. തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ടായി കണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേയും കീഴിൽ നിലവിൽ 58 ബൈപ്പാസുകളുടെ നിർമ്മാണം നടന്നുവരികയാണെന്നും മണ്ണുത്തി-അങ്കമാലി

ദേശീയപാതയിലെ സർവ്വീസ് റോഡ് നിർമ്മാണവും ദേശീയപാതകളിൽ ഫുട്ട് ഓവർ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും കരമന-കളിയിക്കാവിള പാതയിൽ ബാലരാമപുരം കേന്ദ്രീകരിച്ച് അടിപ്പാതാ നിർമ്മാണം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5152 മുതൽ 5425 വരെയുള്ള ചോദ്യങ്ങളിൽ 173 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)